(Pages : 4) **H – 1788**

Reg. No. : ...............................

Name : ...................................

## Third Semester B.A./B.Sc. Degree Examination, October 2019

## First Degree Programme under CBCSS

## Malayalam Language

## Language Course VII – Additional Language III

## ML 1311.1 : DRISHYAKALASAHITHYAM

### ദൃശ്യകലാസാഹിത്യം

### (2018 Admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്യത്തിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. രാമനാട്ടത്തിന്റെ ഉപജ്ഞാതാവ് ആര്?

2. കോട്ടയത്തു തമ്പുരാന്റെ ഏതെങ്കിലും ഒരു ആട്ടക്കഥയുടെ പേരെഴുതുക.

3. ജി. ശങ്കരപ്പിള്ളയുടെ ആദ്യ നാടകം ഏത്?

4. മലയാള നാടക സാഹിത്യചരിത്രം ആരുടെ കൃതിയാണ്?

5. നളചരിതത്തെ മലയാളത്തിന്റെ ശാകുന്തളം എന്ന് വിശേഷിപ്പിച്ചതാര്?

6. നാടകം സംബന്ധിച്ച് സി.ജെ. തോമസ്സ് രചിച്ച കൃതി ഏത്?

7. അടവിവാസവുമടവുനന്നു നന്നൊരു
   കടവുമില്ല തടവുമില്ലവർക്കിഹ - ആർക്ക്?

P.T.O.

8. കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കൃതികളിൽ ആദ്യത്തേത് എന്ന് കരുതുന്നത് ഏത്?

9. ബൈസിക്കിൾ തീവ്സ് എന്ന ചലച്ചിത്രത്തിന്റെ സംവിധായകൻ ആര്?

10. നളചരിതം ആട്ടക്കഥയ്ക്ക് എ ആർ. എഴുതിയ വ്യാഖ്യാനം ഏത്?

**(10 × 1 = 10 Marks)**

II. **ഒരോ ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.**

11. നാരദൻ നളനെ അറിയിച്ച ദമയന്തീ-വൃത്താന്തം എന്തായിരുന്നു?

12. യൗവ്വനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം ഇങ്ങനെ പറയാൻ കാരണമെന്ത്?

13. മുദിരതതി കമ്പരീ പരിചയ പദവിയോ

വിജനേ വസതിയോ മേ ഗതിയിനി രണ്ടിലൊന്നേ - സന്ദർഭം എന്ത്?

14. അർണ്ണവം തന്നിലല്ലോ നിമ്നഗ ചേർന്നു ഞായം

അന്യഥാ വരുത്തുവാൻ കുന്നു മുതിർന്നീടുമോ - സന്ദർഭം എന്ത്?

15. ചിലദളിതാകാരം ചെവികളിലംഗാരം

കോകില കൂജിതങ്ങൾ കൊടിയ കർണ്ണശൂലങ്ങൾ - സന്ദർഭം എന്ത്?

16. മിന്നൽക്കൊടിയിറങ്ങി മന്നിലേ വരികയോ

- ഇങ്ങനെ പറയാൻ കാരണമെന്ത്?

17. നമ്മുടെ ചോർ തിന്നുന്നൊരു ദുഷ്ടന്

നമ്മുടെ വൈരികളിൽ ബഹുമാനം - ആരുടെ വാക്കുകൾ?

18. മാറ്റാരിൽ കനിവേറ്റവുമുള്ളൊരു

കൂറ്റാരേക്കാൾ മാറ്റാർ നല്ലൂ - സന്ദർഭം എന്ത്?

19. മുല്ലയിൻമേൽ ആരെങ്കിലും കാഞ്ഞ വെള്ളമൊഴിക്കുമോ? സന്ദർഭം എന്ത്? - ഇങ്ങനെ പറയുന്നതിന്റെ കാരണം?

20. പെയ്യുന്നിതേ വെള്ളില വള്ളിതോറും - കാരണമെന്ത്?

21. പ്രാന്തനാ മരിക്കാതെ മരണമില്ലാതെ എവിട്യോ കഴിയാ എന്നാലോ ജീവിക്കുന്നുണ്ടൊട്ടു പറയാനുമാകില്ല - സന്ദർഭം എന്ത്?

22. മങ്ങിക്കത്തുന്ന റാന്തരി വിളക്കിന് സബർമതി ദൂരെയാണ് എന്ന നാടകത്തിലുള്ള പ്രാധാന്യമെന്ത്?

**(8 × 2 = 16 Marks)**

III. ഓരോന്നിനും **120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. നളചരിത ഭാഷയുടെ സവിശേഷതകൾ എന്തെല്ലാം?

24. നളൻ ദമയന്തി എന്നിവരുടെ നേരിട്ടു കാണാതെയുള്ള അനുരാഗം അതീവസുന്ദരമായി അവതരിപ്പിക്കുകയാണ് നളചരിതം ആട്ടക്കഥയിൽ - ചർച്ച ചെയ്യുക.

25. ഒരു ഉത്തമ പിതാവിന്റെ ദൗത്യം നിർവ്വഹിക്കുകയാണ് കണ്വമഹർഷി - നാലാമങ്കത്തിന്റെ പശ്ചാത്തലത്തിൽ വിവരിക്കുക.

26. ശകുന്തള ആശ്രമം വിട്ടു പോകുമ്പോൾ ആശ്രമത്തിനുണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാം?

27. നമ്പ്യാരുടെ സാമൂഹിക പരിഹാസം ഘോഷയാത്ര എന്ന ഓട്ടൻതുള്ളലിൽ പ്രതിഫലിക്കുന്നതെങ്ങനെ?

28. ആൾക്കൂട്ടം ബൈസിക്കിൾ തീഫ്സിലെ സുപ്രധാന കഥാപാത്രമാണ് - ചർച്ച ചെയ്യുക.

29. പ്രത്യാശയാണ് ബൈസിക്കിൾ തീഫ്സ് എന്ന ചലച്ചിത്രത്തിന്റെ അടിസ്ഥാനം - പരിശോധിക്കുക.

30. കടം വാങ്ങൽ വ്യക്തിയെ അങ്ങേയറ്റം ദുരന്തങ്ങളിലേക്ക് തള്ളിയിടുന്നു. രാവുണ്ണി എന്ന നാടകത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

31. എഴുപതുകളിലെ മലയാള നാടകത്തെപ്പറ്റി ഒരു കുറിപ്പെഴുതുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. അനുരാഗബദ്ധരായ നളനെയും ദമയന്തിയെയും അവരുടെ മനോവ്യാപാരങ്ങളിൽ കൂടി അവതരിപ്പിക്കുകയാണ് ഉണ്ണായി വാര്യർ - ഉപന്യസിക്കുക.

33. സാമൂഹികവിമർശനമാണ് നമ്പ്യാർ കൃതികളുടെ ലക്ഷ്യം - ചർച്ച ചെയ്യുക.

34. ജി. ശങ്കരപ്പിള്ളയുടെ നാടകങ്ങളെപ്പറ്റി ലഘു ഉപന്യാസം തയ്യാറാക്കുക.

35. രണ്ടാം ലോകയുദ്ധം സൃഷ്ടിച്ച കെടുതികളാണ് ബൈസിക്കിൾ തീവ്സ് എന്ന സിനിമ ചർച്ച ചെയ്യുന്നത് - പരിശോധിക്കുക.

(2 × 15 = 30 Marks)

---